# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3880</u> <u>27.06.2012-ൽ മറുപടിക്ക്</u>

## <u>കഡാവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ ജയരാജ് :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കഡാവർ ട്രാൻസ് പ്ലാന്റേഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) ഉണ്ട്.<br><br>ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കിക്കൊണ്ട് 4.2.2012-ൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ. (എം.എസ്) നം. 36/12/ആ.കു.വ, ജി.ഒ. (എം.എസ്) നം. 37/12/ആ.കു.വ, ജി.ഒ. (എം.എസ്) നം. 38/12/ആ.കു.വ, ജി.ഒ. (എം.എസ്) നം. 39/12/ആ.കു.വ, 16.04.2012-ലെ ജി.ഒ. (ആർ.റ്റി) നം. 115/12/ആ.കു.വ എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാരോ ഇതര ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (ബി) തമിഴ്നാട്ടിൽ വിജയകരമായി നടപ്പിലാക്കി വരുന്ന Cadavar Transplantation Programme നേരിട്ട് കണ്ട് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം പ്രൊഫ. ഡോ. ജി. വേണുഗോപാൽ അദ്ധ്യക്ഷനായും, കോഴിക്കോട് മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗം പ്രൊഫ. ഡോ. എം. ശ്രീലത, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗം അസോ. പ്രൊഫ. എസ്. ഗോമതി, ഗ്യാസ്ട്രോ എന്ററോളജി വിഭാഗം അസോ. പ്രൊഫ. ഡോ. രമേഷ് രാജൻ എന്നിവർ അംഗങ്ങളായുള്ള ഒരു വിദഗ്ദ്ധ സമിതിയെ 14.2.2011-ലെ ജി.ഒ.(ആർ.റ്റി) നം. 572/2011/ആ.കു.വ. പ്രകാരം നിയമിക്കുകയും ഈ നാലംഗ സമിതി പ്രസ്തുത പദ്ധതി നേരിൽക്കണ്ട് മനസ്സിലാക്കി |

സർക്കാരിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ കൂടി വെളിച്ചത്തിലാണ് മുകളിൽ പറഞ്ഞ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ?

(സി) മസ്തിഷ്ക മരണം സംഭവിക്കുന്നവരുടെ അവയവദാനവുമായി ബന്ധപ്പെട്ട നടപടികൾ പരിശോധിക്കുന്നതിലേക്കായി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി സംസ്ഥാനതലത്തിൽ ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് (CTAC). ഇതിൽ നിയമ വകുപ്പ് സെക്രട്ടറി (അഥവാ സെക്രട്ടറി നിർദ്ദേശിക്കുന്ന വ്യക്തി), ഡി.ജി.പി. നിർദ്ദേശിക്കുന്ന ഡി.ഐ.ജി റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, തിരുവനന്തപുരം മെഡിക്കൽകോളേജ് ഫോറൻസിക് വിഭാഗം വകുപ്പ് മേധാവി, സർക്കാർ നിർദ്ദേശിക്കുന്ന ഒരു എൻ.ജി.ഒ. എന്നിവർക്കു പുറമെ ഏറ്റവും കൂടുതൽ അവയവദാനം നടത്തിയതിൽ പരിചയമുള്ള 3 സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള ഓരോ വ്യക്തിയും ഈ കമ്മിറ്റിയിൽ അംഗമാണ്. ഇതിനു പുറമെ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായുള്ള കമ്മിറ്റി ഫോർ കഡാവർ ട്രാൻസ്പ്ലാന്റേഷനും (CCCT) രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഏകോപനത്തിനും വിജകരമായ നടത്തിപ്പിനുമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനെ ചീഫ് കഡാവർ ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ ആയും നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്